പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5761 — 05.07.13 ൽ – മറുപടിക്ക്

# ബി.പി.എൽ റേഷൻ കാർഡുകളുടെ വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. വി. പി. സജീന്ദ്രൻ;<br>,, അൻവർ സാദത്ത്;<br>,, ഐ. സി. ബാലകൃഷ്ണൻ;<br>,, എം. വി. വിൻസെന്റ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പുതുക്കിയ ബി.പി.എൽ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ റേഷൻ കാർഡുകൾ നൽകി തുടങ്ങിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. 05.11.2011 ലെ ജി.ഒ.(എം.എസ്) നം. 38/11/ഭ.സി.സ.വ പ്രകാരം എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതിന് ലഭിച്ചിട്ടുളള അപേക്ഷകൾ പുതിയ ബി.പി.എൽ. പട്ടികയുടെ അടിസ്ഥാനത്തിൽ അന്വേഷിച്ച് അർഹതപ്പെട്ടവർക്ക് കാർഡുകൾ നൽകുവാനുളള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2012-ാം തീയതിയിലെ സ.ഉ.(കൈ) നം.112/2012 പ്രകാരം ബി.പി.എൽ. പട്ടികയിൽ നിന്നും സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുളളവർ, സ്വന്തമായി ആയിരം ചതുരശ്ര അടിയ്ക്കുമേൽ വിസ്തീർണ്ണമുളള വീടോ, ഫ്ളാറ്റോ ഉളളവർ, നാല് ചക്രവാഹനം സ്വന്തമായി ഉളളവർ എന്നിവരെ ബി.പി.എൽ. പട്ടികയിൽ നിന്നും ഒഴിവാക്കിയും ആശ്രയ പദ്ധതിയിൽ അംഗമായുളളവർ, മാനസികവും ശാരീരികവുമായി വൈകല്യമുളളവർ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ എന്നിവരേയും എയ്ഡ്സ്, ക്യാൻസർ രോഗികളേയും, ഡയാലിസിസിനു വിധേയരാകുന്നവരും പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരേയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുവാനും ഉത്തരവായിട്ടുണ്ട്. |
| (സി) | ബി.പി.എൽ കാർഡുകൾ നൽകാനുളള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) ഉണ്ട്. 05.11.2011 ലെ ജി.ഒ.(എം.എസ്) നം. 38/11/ ഭ.സി.സ.വ പ്രകാരം എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതിന് ലഭിച്ച അപേക്ഷകൾ പുതിയ ബി.പി.എൽ. പട്ടികയുടെ അടിസ്ഥാനത്തിൽ അന്വേഷിച്ച് അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ നൽകുവാനുളള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. |
| (ഡി) | ആർക്കെല്ലാമാണ് ജില്ലാ കളക്ടർ വഴി കാർഡുകൾ ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുളളവർ, മാനസികവും, ശാരീരികവുമായ വൈകല്യം ഉളളവർ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികളും, ഡയാലിസിസിനു വിധേയരാകുന്നവരും, ശരീരം തളർന്ന് ശയ്യാവലംബരായവർക്കും മുൻഗണന നൽകി സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുളളവർ, സ്വന്തമായി ആയിരം ചതുരശ്ര അടിയ്ക്കുമേൽ വിസ്തീർണ്ണമുളള വീടോ, ഫ്ളാറ്റോ ഉളളവർ, നാല് ചക്രവാഹനം സ്വന്തമായി ഉളളവർ എന്നിവരെ ഒഴിവാക്കിയും ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ബി.പി.എൽ. റേഷൻ കാർഡുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ